ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കാറുമുണ്ട്. പരിഹരിക്കപ്പെടാൻ പറ്റാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടേയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റേയോ തീർപ്പിന് വിടാറുണ്ട്. ഇതിന് പുറമേ സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി തോട്ടം വ്യവസായം, ടെക്സ്റ്റൽസ്, കയർ വ്യവസായം, ബീഡി സിഗാർ, കള്ള് ചെത്ത്, കക്കാട് ജലവൈദ്യുത പദ്ധതി, കായംകുളം തെർമൽ പവർ, കുട്ടനാട് പാലക്കാട് കാർഷിക മേഖലകൾ, മദ്യവ്യവസായം, ഓട് വ്യവസായം, മോട്ടോർ, ലോറി വ്യവസായങ്ങൾ, നിർമ്മാണതൊഴിലാളി, ടിംബർ, പ്ലൈവുഡ് പൊതുവിതരണം തുടങ്ങിയ മേഖലകളിൽ തൊഴിലാളി മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായബന്ധസമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

**പുതുതായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ നടപടി**

**42 (1194)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിലാളി വിഭാഗങ്ങൾക്ക് ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കൂടാതെ പുതുതായി ഏതെല്ലാം തൊഴിലാളി വിഭാഗങ്ങൾക്കാണ് ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകൾ എന്നത്തേക്ക് രൂപീകരിക്കും ;

(ഡി) ഇപ്പോൾ നിലവിലുള്ള ക്ഷേമനിധി ബോർഡുകളിൽ ഓരോന്നിലും എന്തു തുകയുടെ ഫണ്ടുകൾ വീതം മിച്ചമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഫണ്ടുകൾ സർക്കാർ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി, 28-1-2001-ൽ ഓർഡിനൻസായി വിളംബരപ്പെടുത്തി. കൂടാതെ അലക്ക്, ബാർബർ തൊഴിലാളികൾക്കും കടകളിലും വാണിജ്യസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്†.

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

**തൊഴിലാളി ക്ഷേമനിധിയിൽ നിന്നും തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന പെൻഷനും മറ്റാനുകൂല്യങ്ങളും**

43 (1195) ശ്രീ. എം. മുരളി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 31-ന് ഓരോ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ബന്ധപ്പെട്ട തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന പെൻഷനും മറ്റാനുകൂല്യങ്ങളും എത്ര വീതമായിരുന്നു ;

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് ഈ തുകയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ ഓരോ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷനും മറ്റാനുകൂല്യങ്ങളുമായി എത്ര തവണ കുടിശ്ശിക ഉണ്ടായിരുന്നു ?

ഉത്തരം

(എ-സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

**ചെത്തു തൊഴിലാളി ക്ഷേമനിധി കുടിശ്ശിക എഴുതിത്തള്ളിയ നടപടി**

44 (1196) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെത്തു തൊഴിലാളി ക്ഷേമനിധിബോർഡിന്റെ ശുപാർശയോടെ ക്ഷേമനിധി കുടിശ്ശിക എഴുതിത്തള്ളി എന്നു കാണിച്ച് ടി.ഒ.ആർ.ടി.നമ്പർ. 1069/99/എൽ.ബി.ആർ. എന്ന നമ്പരോടെ ലേബർ സെക്രട്ടറി അസാധാരണ ഗസറ്റ് വിജ്ഞാപനം നടത്തിയതിൽ ഉൾക്കൊള്ളിച്ച തുക എത്രയാണെന്നും ആരുടെയൊക്കെ പേരിലുള്ളതാണെന്നും വെളിപ്പെടുത്തുമോ ;

(ബി) എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, മട്ടാഞ്ചേരി, പറവൂർ, വരാപ്പുഴ, അങ്കമാലി റേഞ്ചുകളിലെ കള്ളുഷാപ്പുകൾ ലേലത്തിൽ പോകാതിരുന്നതിനെത്തുടർന്ന് 1962 മുതൽ 1985 വരെ ആ ഷാപ്പുകൾ ഏറ്റെടുത്തു നടത്തിയ കെ.എം. സുധാകരൻ (സി.ഐ.ടി.യു.) കെ.എം. ബാലൻ (എ.ഐ.റ്റി.യു.സി.) കെ.ആർ. വിജയൻ (ഐ.എൻ.ടി.യു.സി.) എന്നിവർ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയതായി എറണാകുളം വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ കണ്ടുപിടിച്ചു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



# അനുബന്ധം XIII

[1-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 42(1194)-ന്റെ 'ഡി' ഉത്തരം ദയവായി കാണുക]

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ

| തൊഴിലാളി വിഭാഗം | ക്ഷേമനിധി ബോർഡ് | ഫണ്ട് |
|---|---|---|
| (1) | (2) | (3) |
| 1. കള്ള് വ്യവസായ തൊഴിലാളി | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിബോർഡ് | 407,60,00,000 |
| 2. നിർമ്മാണ തൊഴിലാളി | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | 95,00,00,000 |
| 3. സ്വകാര്യമോട്ടോർ വ്യവസായതൊഴിലാളി | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിബോർഡ് | 49,37,50,000 |
| 4. ചാരായ മേഖലയിലെ തൊഴിലാളി | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 36,04,93,066 |
| 5. ചുമട്ട് തൊഴിലാളി | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 13,00,00,000 |
| 6. തയ്യൽ തൊഴിലാളി | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 10,00,00,000 |
| 7. കശുവണ്ടി തൊഴിലാളി | കേരള കശുവണ്ടി തൊഴിലാളി ആശ്വാസക്ഷേമനിധി ബോർഡ് | 3,85,09,426.61 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 8. | ഫാക്ടറികൾ, പ്ലാന്റേഷൻസ് കടകളും വാണിജ്യ സ്ഥാപനങ്ങളും മോട്ടോർ ട്രാൻസ്പോർട്ട് (മോട്ടോർ വെൽഫെയർ ഫണ്ട് ആക്ട് ബാധകമാക്കാത്തവ) കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, ബാങ്ക് എന്നിവയിലെ തൊഴിലാളികൾ | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | ഇല്ല |
| 9. | കൈത്തറി തൊഴിലാളി | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 17,60,000 |
| 10. | കർഷക തൊഴിലാളി | കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് | ഇല്ല |
| 11. | ബീഡി-സിഗാർ തൊഴിലാളി | കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധിബോർഡ് | ഇല്ല |
| 12. | ഈറ്റ-കാട്ടുവള്ളി-തഴതൊഴിലാളി | കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധിബോർഡ് | ഇല്ല |

അനുബന്ധം